# കെഎസ്ഇബിയിൽ മുൻകാല പ്രാബല്യമില്ലാത്ത ക്ഷാമബത്ത അംഗീകരിക്കാനാകില്ല; ഐഎൻടിയുസി

തിരുവനന്തപുരം: കെഎസ്ഇബിഎൽ ജീവനക്കാർക്ക് 2022 മുതൽ ലഭിക്കേണ്ടുന്ന 4 ശതമാനം ഡിഎ ഉത്തരവായപ്പോൾ മുൻകാല പ്രാബല്യം നിഷേധിച്ചത് അംഗീകരിക്കാനാകില്ലെന്നും ശക്തമായ സമരത്തിലേക്ക് കടക്കുമെന്നും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു.

കെഎസ്ഇബി യുടെ ചരിത്രത്തിൽ ആദ്യമായാണ് മുൻകാല പ്രാബല്യം നിഷേധിച്ച് ഡിഎ ഉത്തരവ് ഇറങ്ങുന്നതെന്നും 24 മണിക്കൂറും അപകട മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളോട് കാണിക്കുന്ന വഞ്ചന ഇടത് സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടികളുടെ ഉദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ 3 ശതമാനം ഡിഎക്ക് മുൻകാല പ്രാബല്യത്തിന് ഉത്തരവ് ഇറങ്ങിയെങ്കിലും നാളിതുവരെയും ജീവനക്കാർക്ക് ലഭിച്ചിട്ടില്ല.

നാളിതുവരെ 2022 ജൂലായ് ഒന്നു വരെയുള്ള ഡിഎ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 3 വർഷത്തെ 16 ശതമാനം ഇനിയും ലഭിക്കാനുമുണ്ട്.

---

**മാധ്യമം**

# കെ.എസ്.ഇ.ബി ഡി.എ: മുൻകാല പ്രാബല്യമില്ല

**തിരുവനന്തപുരം:** കെ.എസ്.ഇ.ബി ജീവനക്കാർക്ക് 2022 ജനുവരി ഒന്നു മുതൽ ലഭിക്കേണ്ട നാല് ശതമാനം അനുവദിച്ചു. അതേസമയം മുൻകാല പ്രാബല്യമില്ലാത്ത ഉത്തരവ് അംഗീകരിക്കില്ലെന്നും സമരത്തിലേക്ക് കടക്കുമെന്നും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാന വർക്കിങ് പ്രസിഡൻറ് അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു.

---

# കെഎസ്ഇബി: ഡിഎ 4% കൂട്ടി; മുൻകാല പ്രാബല്യമില്ല

▶▶ കുടിശിക അനുവദിച്ചില്ല; പ്രതിഷേധം

തിരുവനന്തപുരം ● കെഎസ്ഇബി ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും ഏപ്രിൽ 1 മുതൽ 4% വർധിപ്പിക്കാൻ കെഎസ്ഇബി ബോർഡ് യോഗം തീരുമാനിച്ചു. എന്നാൽ, ഇതിനു മുൻകാല പ്രാബല്യമില്ല. 2022 ജൂലൈ 1 മുതൽ മുൻകാല പ്രാബല്യത്തോടെ ഡിഎ കൂട്ടാനായിരുന്നു ശുപാർശ. എന്നാൽ, കുടിശിക കൂടി അനുവദിക്കുന്നത് ഇപ്പോഴത്തെ സാമ്പത്തികാവസ്ഥയിൽ കെഎസ്ഇബിക്കു ബാധ്യതയാകുമെന്നു കണക്കാക്കി മുൻകാല പ്രാബല്യം ഒഴിവാക്കുകയായിരുന്നുവെന്നാണു വിവരം.

ഡിഎ കുടിശിക നിഷേധിക്കുന്നത് ദീർഘകാല കരാറിന്റെ ലംഘനമാണെന്ന് കേരള ഇലക്ട്രിസിറ്റി ഓഫിസേഴ്സ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി പി.എസ്.പ്രശാന്ത് ആരോപിച്ചു. ശക്തമായ സമരത്തിലേക്കു കടക്കുമെന്നു കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു.